# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3152** 11-12-2014-ൽ മറുപടിക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലുമുള്ള കൃത്രിമം**

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.സുരേഷ് കുറുപ്പ്.**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകളിൽ നിന്നും ഔട്ട് ലെറ്റുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന്റെ ചുമതല ആരാണ് വഹിക്കുന്നത്; | (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകളിൽ നിന്നും ഔട്ട് ലെറ്റുകളിലേയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന്റെ ചുമതല ഡിപ്പോ മാനേജർക്കും ഡിപ്പോയിലെ ബന്ധപ്പെട്ട സ്റ്റോക്ക് കസ്റ്റോഡിയൻമാർക്കുമാണ്. |
| (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടോ; | (ബി) | ചങ്ങനാശ്ശേരി ഡിപ്പോയിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ ചുമതല കോൺട്രാക്ടർക്ക് നൽകിയിട്ടില്ല. |
| (സി) | താലൂക്ക് ഡിപ്പോകളിൽ നിന്നും ഔട്ട് ലെറ്റുകളിലേയ്ക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലും കൃത്രിമം നടക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | താലൂക്ക് ഡിപ്പോകളിൽ നിന്നും ഔട്ട് ലെറ്റുകളിലേയ്ക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും തൂക്കത്തിലും ഉള്ള കൃത്യത ഉറപ്പുവരുത്തുന്നതിനായി ജൂനിയർ മാനേജർ (എം & ഐ) സ്റ്റോക്ക് പരിശോധിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ താലൂക്ക് ഡിപ്പോയിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ ഔട്ട് ലെറ്റുകളിൽ തൂക്കം ഉറപ്പുവരുത്തിയശേഷം മാത്രം ഇറക്കിവെക്കുന്നതിനും ബന്ധപ്പെട്ട GIS (Goods Issue Sheet) ഒപ്പിട്ടു കൊടുക്കുന്നതിനും ഔട്ട് ലെറ്റ് മാനേജർ മാർക്കുള്ള നിർദ്ദേശം നിലവിലുണ്ട്. |
| (ഡി) | ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ-സാധനങ്ങളുടെ അളവിലും തൂക്കത്തിലും കുറവുള്ളതായി പരാതി ഉയർന്നിട്ടുണ്ടോ; | (ഡി) | ഇത്തരത്തിലുള്ള ചുരുക്കം ചില പരാതികൾ ലഭിച്ചത് അതാത് ഡിപ്പോകളിലെ ജൂനിയർ മാനേജർമാർ അന്വേഷിച്ച് തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് ഔട്ട് ലെറ്റ് തലത്തിൽ കൺസ്യൂമർ കമ്മിറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഇത്തരത്തിലുള്ള കൃത്രിമങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (ഇ) | ജൂനിയർ മാനേജർ (എം & ഐ)യുടെ പരിശോധനയിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കാറുണ്ട്. സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലെയും ജൂനിയർ മാനേജർമാർ എല്ലാ മാസവും അതാത് ഡിപ്പോകളുടെ കീഴിലുള്ള കുറഞ്ഞത് 12 ഔട്ട് ലെറ്റുകളിലെങ്കിലും പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ ഡിപ്പോ മാനേജർമാർ, മേഖലാ മാനേജർമാർ, വിജിലൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥരും പരിശോധന നടത്തുന്നുണ്ട്. കൃത്രിമങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. |

Beena

**സെക്ഷൻ ഓഫീസർ**